*Uncorrected/Not for publication*

*24-06-2026*
*Appreciation to MLAs for participating the football match*

**അനുമോദനം**

<u>ഫുട്ബോൾ മത്സരത്തിൽ പങ്കെടുത്ത എം.എൽ.എ.-മാർക്ക് അനുമോദനം</u>

<u>മി. സ്പീക്കർ</u>: ലോകകപ്പ് ഫുട്ബോൾ മത്സരത്തോടനുബന്ധിച്ച് തിരുവനന്തപുരം പ്രസ്സ് ക്ലബ് ഇന്നലെ സംഘടിപ്പിച്ച നിയമസഭാ സാമാജികർ ഉൾപ്പെട്ട സ്പീക്കേഴ്സ് ഇലവനും മാധ്യമ പ്രവർത്തകരും തമ്മിൽ നടന്ന ഫുട്ബോൾ മത്സരത്തിൽ ഇരുടീമുകളും നാല് ഗോൾ വീതം അടിച്ച് സംയുക്ത ജേതാക്കളായി. ആദ്യ പകുതിയിൽ നാല് ഗോളുകൾക്ക് പിന്നിൽ നിന്ന ശേഷമാണ് രണ്ടാം പകുതിയിൽ നാല് ഗോളുകൾ തിരിച്ചടിച്ച് സ്പീക്കേഴ്സ് ഇലവൻ സംയുക്ത ജേതാക്കളായത്. ആവേശോജ്ജ്വലമായ ഈ കളിയിൽ മികച്ച സ്പോർട്സ് മാൻ സ്പിരിറ്റാണ് സാമാജികർ കാഴ്ചവച്ചത്. സ്പീക്കേഴ്സ് ഇലവന്റെ ഗോൾ കീപ്പറായിരുന്ന ശ്രീ. മനോജ് മൂത്തേടനാണ് കളിയിലെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ടത്. സഭയുടെ അഭിമാനം ഉയർത്തിപ്പിടിച്ച പ്രകടനം കാഴ്ചവച്ച ടീം ക്യാപ്റ്റൻ ശ്രീ. വി. ടി. ബൽറാമിനെയും ടീമംഗങ്ങളെയും ഈ സഭയ്ക്കുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. യഥാർത്ഥത്തിൽ ഞാൻ ആ കളി കണ്ടിരുന്നു. രണ്ടാം പകുതിയിലാണ് ഞാൻ അവിടെയെത്തിയത്. വളരെ മനോഹരമായൊരു മത്സരത്തിന് നേതൃത്വം നൽകിയ ടീമംഗങ്ങളായ സർവശ്രീ. വി. ടി. ബൽറാം, ടി. സിദ്ദിഖ്, ഒ. ജെ. ജനീഷ്, അപു ജോൺ ജോസഫ്, ടി. കെ. ഗോവിന്ദൻ മാസ്റ്റർ, മുഹമ്മദ് ഷിയാസ്, കെ. വി. സുമേഷ്, എം. വിജിൻ, മനോജ് മൂത്തേടൻ, ടി. പി. അഷ്റഫ് അലി, അബിൻ വർക്കി കോടിയാട്ട്, ഷിബു തെക്കുംപുറം, ടി. ഒ. മോഹനൻ, സേവ്യർ ചിറ്റിലപ്പിള്ളി, കെ. എം. അഭിജിത്ത്, വി. ടി. സൂരജ് എന്നിവരെ പ്രത്യേകം അനുമോദിക്കുന്നു.